# സംയോജിത ശിശു സംരക്ഷണ പദ്ധതി

## സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: ശ്രീമതി അനുപമ റ്റി. വി. IAS, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം: വനിതാ ശിശു വികസന വകുപ്പ് – ICPS–SARA– സ്നേഹജ്യോതി ശിശുഭവൻ, പുല്ലുവഴി, എറണാകുളം – 2019–20 സാമ്പത്തിക വർഷത്തെ ഗ്രാന്റ് തുക അനുവദിച്ച് – ഉത്തരവാകുന്നു.

പരാമർശം: 1. സ്നേഹജ്യോതി ശിശുഭവൻ, പുല്ലുവഴി, എറണാകുളം എന്ന SAA യുടെ 22.03.2019 –ലെ അപേക്ഷ.
2. എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 18.09.2020 –ലെ ഡി.സി.പി.യു/ഇ/466/19 നമ്പർ കത്ത്.
3. കേന്ദ്ര സർക്കാർ ഉത്തരവ് നമ്പർ F. No. CW–II–22/30/2015–CW–II തീയതി, 29.01.2020

## ഉത്തരവ് നമ്പർ – ICPS–SARA/2569/2020 തീയതി, 30.11.2020

വനിതാ ശിശു വികസന മന്ത്രാലയവും, സംസ്ഥാന വനിതാ ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതി, 2019–20 സാമ്പത്തിക വർഷം അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവരുന്ന ഗ്രാന്റ് ലഭിക്കുന്നതിന് എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന സ്നേഹജ്യോതി ശിശുഭവൻ, പുല്ലുവഴി, എറണാകുളം എന്ന അംഗീകൃത ദത്തെടുക്കൽ സ്ഥാപനം പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയതുപ്രകാരം, സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തി എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ, എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന സ്നേഹജ്യോതി ശിശുഭവൻ, പുല്ലുവഴി, എന്ന സ്ഥാപനത്തിന് പരാമർശം (3) പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം സ്ഥാപനത്തിന്റെ ആകെ ചെലവ് 23,14,889/– രൂപയാണെന്നും 16,74,322/– രൂപ ഗ്രാന്റ് അനുവദിക്കാമെന്നും പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു. എന്നാൽ, പരാമർശം (2) പ്രകാരം ജില്ലാ ശിശു സംരക്ഷണ ഓഫീസർ ശുപാർശ ചെയ്ത തുകയായ 16,74,322/– രൂപയിൽ നിന്നും നോൺ–റിക്കറിംഗ് ഇനത്തിലുള്ള 1,50,322/– രൂപ കുറച്ച് റിക്കറിംഗ് (വാടക) ഇനത്തിൽ 1,44,000/– കുറച്ച് ബാക്കി തുകയായ 13,80,000/– യിൽ നിന്നും 10% എൻ.ജി.ഒ. വിഹിതമായി 1,38,000/– രൂപ കുറച്ച് 12,42,000/– രൂപ സ്ഥാപനത്തിന് അനുവദിക്കാവുന്നതാണ്.

ടി സാഹചര്യത്തിൽ അംഗീകൃത ദത്തെടുക്കൽ സ്ഥാപനമായ സ്നേഹജ്യോതി ശിശുഭവൻ, പുല്ലുവഴി, എറണാകുളം എന്ന സ്ഥാപനത്തിന് 2019–20 സാമ്പത്തിക വർഷത്തെ ഗ്രാന്റ് ഇനത്തിൽ 12,42,000/– രൂപ (പന്ത്രണ്ട് ലക്ഷത്തി നാൽപത്തി രണ്ടായിരം രൂപ മാത്രം ) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്. –ന്റെ 2235–02–102–61–34 OC (SAA Grant–in Aid Component) എന്ന ശീർഷകത്തിൽ നിന്നും Sr. Jisa Paul & Sr. Therese, Catholic Syrian Bank, Pulluvazhy, 035000430888190003, CSBK0000350 എന്ന അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ഓഫ് ക്രഡിറ്റ് ചെയ്തു നൽകേണ്ടതാണ്. സ്ഥാപന മേധാവി തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
വനിതാ ശിശു വികസന ഡയറക്ടർ &
മെമ്പർ സെക്രട്ടറി, സാരാ

അംഗീകാരത്തോടെ,

സൂപ്രണ്ട്

സൂപ്രണ്ട്
സ്നേഹജ്യോതി ശിശുഭവൻ, പുല്ലുവഴി, എറണാകുളം.

പകർപ്പ്:–

1. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, എറണാകുളം
2. സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിനു വേണ്ടി)
3. സൂപ്രണ്ട്, ബി സെക്ഷൻ
4. ഐ.സി.പി.എസ്. 4
5. സ്റ്റോക്ക് ഫയൽ

website